(ഡി) അതെ.

(ഇ) നെയ്യാർ പദ്ധതിയിൽ നിന്നും ഏകദേശം 33 m m 3 ജലം വർഷംതോറും സൗജന്യമായി തമിഴ്നാടിന് നൽകുന്നുണ്ട്. ഇപ്രകാരം തമിഴ്നാടിന് ജലം നൽകുന്നത് നിർത്തലാക്കുന്നത് സംബന്ധിച്ച് ഇതുവരെ തീരുമാനമൊന്നും എടുത്തിട്ടില്ല. എന്നാൽ ഇപ്രകാരം കൊടുക്കുന്ന ജലത്തിന് വാണിജ്യാടിസ്ഥാനത്തിൽ വില നിശ്ചയിച്ച് അത് തമിഴ്നാടിൽ നിന്നും ഈടാക്കുവാൻ ഉള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

കരാറനുസരിച്ച് തമിഴ്നാടിന് നല്കുന്ന വെള്ളം

36 [2505] ശ്രീ. കെ. സി. ജോസഫ് :
,, പി. ജെ. ജോയി :
,, വി. ജെ. പൗലോസ് :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരാറനുസരിച്ച് തമിഴ്നാടിന് സംസ്ഥാനം എവിടെനിന്നെല്ലാം എത്ര വെള്ളം നല്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കരാറനുസരിച്ച് തമിഴ്നാട് എവിടെനിന്നെല്ലാം സംസ്ഥാനത്തിന് എത്രവീതം വെള്ളമാണ് തരേണ്ടത്;

(സി) ഇതനുസരിച്ച് വെള്ളം കൃത്യമായി കിട്ടുന്നുണ്ടോ;

(ഡി) ഇല്ലാത്തപക്ഷം അത് കൃത്യമായി കിട്ടുവാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ഇ) ഇത് സംബന്ധിച്ച് എപ്പോഴെല്ലാം സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ട് എന്ന് പറയുമോ;

(എഫ്) ഇക്കാര്യത്തിൽ സുപ്രീംകോടതി വിധി എന്തായിരുന്നു;

(ജി) സംസ്ഥാനത്തിന് കിട്ടാനുള്ള വെള്ളം കൃത്യമായി കിട്ടാത്തപക്ഷം അതിനുവേണ്ടി കോടതിയെ സമീപിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം എന്തെന്ന് പറയുമോ?

ഉത്തരം

(എ) 1886-ലെ പെരിയാർ പാട്ടക്കരാർ പ്രകാരം മുല്ലപെരിയാർ അണക്കെട്ടിലെ 155 അടി പൊക്കം വരെ കൊണ്ടൂർ ലൈനിൽ ചുറ്റപ്പെട്ട പ്രദേശത്തേക്കോ, അതിലൂടെയോ അതിൽനിന്നോ ഒഴുകുന്ന ജലം മുഴുവൻ തമിഴ്നാടിന് നല്കുന്നുണ്ട്. ഇത് ഏകദേശം 22 ടി.എം.സി. അടിയോളം വരും. 1970-ലെ പറംപിക്കുളം-ആളിയാർ കരാർ പ്രകാരം പെരിയാറിന്റെ പോഷകനദിയായ നീരാറിൽ നിന്നും ചാലക്കുടി പുഴയുടെ പോഷകനദികളായ ഷോളയാർ, പറംപിക്കുളം ആർ, തുണക്കടവ് ആർ, പെരുവാരിപ്പള്ളം ആർ എന്നിവിടങ്ങളിൽ നിന്നും, ഭാരതപ്പുഴയുടെ പോഷകനദികളായ പാലാർ, ആളിയാർ എന്നീ നദികളിൽ നിന്നും തമിഴ്നാടിന് ജലം നല്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1973-ലെ ശിരുവാണി കുടിവെള്ള പദ്ധതി കരാർ പ്രകാരം ഭവാനി നദിയുടെ പോഷക നദിയായ ശിരുവാണിയിൽ നിന്നും പ്രതിവർഷം 1.3 ടി. എം. സി. ഫീറ്റ് ജലം തമിഴ്നാടിന് നല്കുന്നു.

(ബി) പറംപിക്കുളം-ആളിയാർ പദ്ധതി കരാർ പ്രകാരം താഴെപ്പറയുന്ന പ്രകാരമുള്ള ജലം കേരളത്തിന് ലഭിക്കേണ്ടതാണ്.

1. കേരളത്തിലെ ചിറ്റൂർ പുഴയ്ക്ക് പ്രതിവർഷം 7.25 ടി. എം. സി. അടി ജലം കേരള അതിർത്തിക്കടുത്തുള്ള മണക്കടവ് വിയറിൽ ലഭ്യമാക്കേണ്ടതാണ്.

2. ലോവർ നീരാർ ഡാമിന്റെയും, പറംപിക്കുളം, പെരുവാരിപ്പള്ളം, തുണക്കടവ് ഡാമിന്റെയും വൃഷ്ടിപ്രദേശത്തുള്ള ജലം ഒരുമിച്ചു കണക്കാക്കി 16.55 ടി.എം.സി. ഫീറ്റിൽ അധികമായി വരുന്ന 2.5 ടി.എം.സി. ഫീറ്റ് ജലം ചിറ്റൂർ പ്രദേശത്തെ ജലസേചനത്തിനും ശേഷിക്കുന്ന ജലം ചാലക്കുടി പുഴയിലേക്കും വിടേണ്ടതാണ്.

3. ചാലക്കുടി നദീതടത്തിൽ നിന്നും ഓരോവർഷവും 12.3 ടി.എം.സി. ഫീറ്റ് ജലം തമിഴ്നാട് കേരളത്തിന് നല്കേണ്ടതാണ്.

4. പെരിയാർ നദീതടത്തിലെ നീരാർ വിയറിൽ നിന്നുള്ള ജലം ഒക്ടോബർ 1 മുതൽ ജനുവരി 31 വരെ (ഏകദേശം 1.4 ടി. എം. സി. ഫീറ്റ്) കേരളത്തിലേക്ക് തിരിച്ചുവിടേണ്ടതാണ്. ശിരുവാണി കുടിവെള്ള പദ്ധതി കരാർ പ്രകാരം 5 ക്യൂബിക്സ് ജലം കേരളത്തിന്റെ കീഴ്നദീതട അവകാശം സംരക്ഷിക്കുന്നതിനായി ലഭിക്കേണ്ടതാണ്.

(സി) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലം കഴിഞ്ഞ ഏതാനും വർഷങ്ങളായി പൂർണ്ണമായി ലഭിക്കുന്നില്ല.

(ഡി) കുറവു സംഭവിക്കുമ്പോൾ തമിഴ്നാടുമായി ബന്ധപ്പെടാറുണ്ട്. ഇതിനു പുറമേ പറമ്പിക്കുളം-ആളിയാർ കരാർ പുനഃരവലോകനം സംബന്ധിച്ച് നടന്ന ഉദ്യോഗസ്ഥതല, മന്ത്രിതല, മുഖ്യമന്ത്രിതല ചർച്ചകളിൽ കേരളത്തിനർഹമായ ജലം കൃത്യമായി ലഭ്യമാക്കണമെന്ന് തമിഴ്നാടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) സുപ്രീംകോടതിയെ സമീപിച്ചിട്ടില്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) നിയമനടപടികളിലേക്ക് നീങ്ങിയാലുണ്ടാകാവുന്ന കാലവിളംബം പരിഗണിച്ച് ജലം പങ്കുവയ്ക്കുന്നതിന് സംബന്ധിച്ചുള്ള പ്രശ്നങ്ങൾ അനുരഞ്ജന സംഭാഷണങ്ങളിലൂടെ പരിഹരിക്കുവാനാണ് കേരളം ഇപ്പോൾ ശ്രമിച്ചു കൊണ്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly